**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2113** **03-03-2025 - ൽ മറുപടിയ്ക്ക്**

**എലവഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചതെന്നും ആയത് എന്നാണ് അനുവദിച്ചതെന്നും വിശദമാക്കാമോ; | (എ) | നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിന് പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻറിൽ 143 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൻറെ ആദ്യ ഗഡുവായ 35,75,000/- രൂപ (മുപ്പത്തിയഞ്ച് ലക്ഷത്തി എഴുപത്തി അയ്യായിരം രൂപ മാത്രം) സ.ഉ.(സാധാ) നം.1643/2024/LSGD തീയതി 07/09/2024 പ്രകാരം ദേശീയ ആരോഗ്യ ദൗത്യത്തിന് കൈമാറാൻ ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്നും പ്രവൃത്തി തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ? | (ബി) | എലവഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണ ചുമതല എൽ.എസ്.ജി.ഡി.യെ ഏൽപ്പിക്കുന്നതിന് തീരുമാനിക്കുകയും. നിലവിലെ പഴക്കം ചെന്ന കെട്ടിടം പൊളിച്ച് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ എൽ.എസ്.ജി.ഡി. എഞ്ചിനീയറിങ്ങ് വിഭാഗത്തെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ